**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തൃക്കാക്കര നഗരസഭയുടെ 2019 വർഷത്തെ ഓണാഘോഷത്തിനായി നഗരസഭയുടെ 2019 -20ലെ ബജറ്റിൽ ഉത്സവങ്ങളും ആഘോഷങ്ങളും എന്ന ഹെഡ്ഡിൽ നീക്കിവെച്ചിട്ടുള്ള തുകയിൽ നിന്നും 25 ലക്ഷം രൂപ വിനിയോഗിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1909/2019/ത.സ്വ.ഭ.വ**
**തിരുവനന്തപുരം,തീയതി: 03/09/2019**

---

പരാമർശം:- തൃക്കാക്കര നഗരസഭ ചെയർപേഴ്സൺന്റെ 22.06.2019 ലെ H1-10651/17 നമ്പർ അപേക്ഷ

**<u>ഉത്തരവ്</u>**

തൃക്കാക്കര നഗരസഭയിൽ വർഷങ്ങളായി ഓണം സമുചിതമായി ആഘോഷിക്കുന്നുണ്ടെന്നും, 2019 -ലെ ഓണാഘോഷം വളരെ ഭംഗിയായി നടത്തുന്നതിന് തൃക്കാക്കര നഗരസഭ തീരുമാനമെടുത്തിട്ടുണ്ടെന്നും, കഴിഞ്ഞവർഷം ഈ ആവശ്യത്തിലേക്ക് തനത് ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ ചെലവഴിക്കുന്നതിനു അനുമതി നൽകി ഉത്തരവായിട്ടുണ്ട് എന്നും സൂചന കത്ത് പ്രകാരം നഗരസഭ ചെയർപേഴ്സൺ അറിയിച്ചിട്ടുണ്ട്. തൃക്കാക്കര നഗരസഭയിൽ 2019 -20 വർഷത്തെ ബജറ്റിൽ ഉത്സവങ്ങളും ആഘോഷങ്ങളും എന്ന ഹെഡ്ഡിൽ നീക്കിവെച്ചിട്ടുള്ള തുകയിൽ നിന്നും ഓണാഘോഷം 2019 - ന്റെ നടത്തിപ്പിനായി 2 5 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നും തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃക്കാക്കര നഗരസഭയുടെ 2019 -20ലെ ബജറ്റിൽ ഉത്സവങ്ങളും ആഘോഷങ്ങളും എന്ന ഹെഡ്ഡിൽ നീക്കിവെച്ചിട്ടുള്ള തുകയിൽ നിന്നും ഓണാഘോഷം 2019 -ന്റെ നടത്തിപ്പിനായി 2 5 ലക്ഷം രൂപ(ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) കൗൺസിൽ തീരുമാനത്തിനും നിലവിലുള്ള നിബന്ധനകൾക്കും വിധേയമായി വിനിയോഗിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

തൃക്കാക്കര നഗരസഭ സെക്രട്ടറി/ചെയർപേഴ്സൺ

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Remola

സെക്ഷൻ ഓഫീസർ.